**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1964 | 13.06.2019 ൽ മറുപടിക്കുണ്ടായിരുന്നത്

## പെരിയ ഇരട്ടക്കൊലപാതകത്തിന്റെ കേസന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ പെരിയ കല്യോട്ടിൽ ഇരട്ടക്കൊലപാതകം നടന്നതെപ്പോഴാണെന്നും എഫ്. ഐ.ആർ. രജിസ്റ്റർ ചെയ്തതെപ്പോഴാണെന്നും വ്യക്തമാക്കാമോ; | (എ) 17.02.2019 തീയതിയിൽ രാത്രി 19.36 Hrs-നും 19.40 Hrs-നും ഇടയിലുള്ള സമയത്താണ് സംഭവം നടന്നത്. FIR രജിസ്റ്റർ ചെയ്തത് 17.02.2019 തീയതിയിൽ 22.40 മണിയ്ക്കാണ്. |
| (ബി) എഫ്.ഐ.ആർ. ആരുടെ മൊഴി പ്രകാരമാണ് രേഖപ്പെടുത്തിയതെന്നും നമ്പർ എത്രയാണെന്നും പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;<br><br>(സി) എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തപ്പോൾ രേഖപ്പെടുത്തിയ പ്രതികളെക്കൂടാതെ പിന്നീട് പ്രതിപ്പട്ടികയിൽ പേരുകൾ ചേർത്തിരുന്നോ എന്നും എങ്കിൽ ആരൊക്കെയാണവരെന്നും വ്യക്തമാക്കാമോ; | (ബി) യും (സി) യും ശ്രീകുമാർ.കെ, S/o കൃഷ്ണൻ (വയസ്സ് 29/2019), കനിയംകുണ്ട് ഹൗസ്, പെരിയ, കാസർഗോഡ് ജില്ല എന്നയാളുടെ മൊഴി പ്രകാരം FIR നമ്പർ 81/19 U/s.302 IPC പ്രകാരം ബേക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. 14 പേരെ പ്രതിപ്പട്ടികയിൽ ചേർത്തിരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) ലോക്കൽ പോലീസ് എത്ര ദിവസമാണ് കേസന്വേഷിച്ചതെന്നും ചുമതല ഏതുദ്യോഗസ്ഥനായിരുന്നുവെന്നും പ്രസ്തുത അന്വേഷണത്തിനിടയിൽ ചോദ്യം ചെയ്തവരും അറസ്റ്റിലായവരും ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; ഇതിൽ പോലീസ് അറസ്റ്റ് ചെയ്ത് സ്റ്റേഷൻ ജാമ്യം നൽകിയവരും കോടതിയിൽ ഹാജരാക്കിയ ദിവസം തന്നെ ജാമ്യം കിട്ടിയവരും കോടതി റിമാന്റ് ചെയ്തവരും ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) 18.02.2019 മുതൽ 25.02.2019 വരെയാണ് ലോക്കൽ പോലീസ് കേസന്വേഷിച്ചത്. ലോക്കൽ പോലീസിന്റെ അന്വേഷണത്തിന്റെ ചുമതല ജില്ലാ ക്രൈം ബ്രാഞ്ച് DySP യായ ശ്രീ.എം.പ്രദീപ് കുമാറിനായിരുന്നു. പ്രസ്തുത കാലയളവിൽ 28 പേരെ ചോദ്യം ചെയ്യുകയും, ആദ്യത്തെ 7 പ്രതികളെ അറസ്റ്റു ചെയ്യുകയും ചെയ്തു. അവർക്ക് പോലീസ് ജാമ്യം നൽകിയിട്ടില്ല. പ്രസ്തുത പ്രതികൾ റിമാന്റിലാണ്. |

(ഇ) പോലീസിൽ നിന്ന് മാറ്റി കേസന്വേഷണം മറ്റൊരു ഏജൻസിക്ക് നൽകിയിട്ടുണ്ടെങ്കിൽ ഏത് ഏജൻസിയാണതെന്നും ഏതുദ്യോഗസ്ഥന്റെ കീഴിലായിരുന്നു അന്വേഷണമെന്നും അന്വേഷണം പൂർത്തിയായോ എന്നും എത്രപേരെയാണ് ഈ ഏജൻസി ചോദ്യം ചെയ്തതെന്നും അവർ ആരൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ; ഇവരിൽ അറസ്റ്റ് ചെയ്ത് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടവരുടെയും കോടതിയിൽ ഹാജരാക്കിയ ദിവസം തന്നെ ജാമ്യം കിട്ടിയവരുടെയും കോടതി റിമാൻഡ് ചെയ്തവരുടെയും വിശദാംശം നൽകാമോ;

(ഇ) യും (എഫ്) ഉം 26.02.2019 മുതൽ കേസ് ക്രൈം ബ്രാഞ്ചാണ് അന്വേഷിച്ചത്. മലപ്പുറം ക്രൈം ബ്രാഞ്ച് DySP ശ്രീ.പി.എം.പ്രദീപിന്റെ നേതൃത്വത്തിലാണ് അന്വേഷിച്ചത്. അന്വേഷണം പൂർത്തിയാക്കി 20.05.2019 തീയതിയിൽ ബഹു.ഹോസ്ദുർഗ് JFCM-II കോടതിയിൽ അന്തിമ തീർപ്പ് റിപ്പോർട്ട് സമർപ്പിച്ചു. ഈ കേസിന്റെ അന്വേഷണത്തിൽ ക്രൈം ബ്രാഞ്ച് 224 സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ക്രൈം ബ്രാഞ്ച് അറസ്റ്റ് ചെയ്ത 7 പ്രതികളെക്കൂടാതെ മറ്റ് 7 പേരെക്കൂടി അറസ്റ്റ് ചെയ്തു. ഇവരിൽ ആർക്കും സ്റ്റേഷൻ ജാമ്യം നൽകിയിട്ടില്ല. A12, A13, A14 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയ സമയം ബഹു.കോടതി ജാമ്യം അനുവദിച്ചിരുന്നു. ക്രൈം ബ്രാഞ്ച് അറസ്റ്റ് ചെയ്ത A8 മുതൽ A11 വരെയുള്ള പ്രതികൾ ഇപ്പോഴും റിമാന്റിലാണ്.

(എഫ്) ഈ കേസ്സിൽ പോലീസ് ചോദ്യം ചെയ്തവർക്കും അറസ്റ്റ്ചെയ്തവർക്കും ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധം ഉണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് രാഷ്ട്രീയ പാർട്ടി പ്രവർത്തകരാണിവരെന്ന് വ്യക്തമാക്കാമോ;

(ജി) ഈ ഇരട്ടക്കൊലപാതത്തിന് ഹേതുവായ തെന്താണെന്ന് വ്യക്തമാക്കാമോ; ഈ കേസ്സിന്റെ ചാർജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചോ എന്നും എങ്കിൽ എപ്പോഴാണ് സമർപ്പിച്ചതെന്നും ചാർജ് ഷീറ്റിൽ എത്ര പ്രതികളാണുള്ളതെന്നും അവരെ മുഴുവൻ അറസ്റ്റ് ചെയ്തോ എന്നും വ്യക്തമാക്കാമോ;കേസന്വേഷണത്തിന്റെ തുടക്കം മുതൽ അവസാനംവരെ അന്വേഷണ സംഘത്തിൽ എത്ര പേരുണ്ടായിരുന്നുവെന്നും ആരെല്ലാമാണവരെന്നും ഇടയ്ക്ക് ആർക്കെങ്കിലും അന്വേഷണസംഘത്തിൽ നിന്ന് മാറേണ്ടിവന്നിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്നും മാറിയവർ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ?

(ജി) ഒന്നാം പ്രതി പീതാംബരനെ 05.01.2019 തീയതിയിൽ കല്ലിയോട്ട് ടൗണിൽ വച്ച് ഈ കേസ്സിൽ കൊല്ലപ്പെട്ട ശരത് ലാൽ ഉൾപ്പെടെയുള്ളവർ ആക്രമിച്ച് ഗുരുതരമായി പരുക്കേൽപ്പിച്ച വൈരാഗ്യവും കല്ലിയോട്ട് പ്രദേശത്ത് രാഷ്ട്രീയ പ്രവർത്തകർക്കിടയിലെ വൈരാഗ്യവുമാണ് കൊലപാതകത്തിന് ഹേതുവായത് എന്നാണ് കരുതുന്നത്.

കേസിന്റെ അന്തിമ തീർച്ച റിപ്പോർട്ട് 20.05.2019 തീയതിയിൽ ബഹു.ഹോസ്ദുർഗ് JFCM-II കോടതിയിൽ സമർപ്പിച്ചു. അന്തിമ തീർച്ച റിപ്പോർട്ടിൽ 14 പ്രതികളാണുള്ളത്. അവരെ മുഴുവൻ പേരെയും അറസ്റ്റ് ചെയ്തു. അന്വേഷണ സംഘത്തിൽ പോലീസ് സൂപ്രണ്ട് അടക്കം 31 പേരുണ്ടായിരുന്നു. പേരുവിവരം ചുവടെ ചേർക്കുന്നു.

1. Sri.V.M. Mohammed Rafeeque.IPS, Supdt of Police, CB Ernakulam.
2. Sri.P.M.Pradeep, DySP-I, CB Malappuram-Investigation Officer.

3. Sri.Shaj Jose, DySP-III, CB Kannur.
4. Sri.C.K.Sunil Kumar, Inspector of Police.(Under order of transfer to CB, Kasaragod vide DGO No.252/PHQ/19 Dated 20.02.19)
5. DI CA Abdul Rahim, CB, Kasaragod
6. DSI-Purushothaman.V,CB, Kasaragod
7. DSI Krishnakumar.P,CB, Kasaragod
8. SI Phillip Thomas, Control Room, Kasaragod
9. DSI T.G.Dileep, CB, Malappuram
10. GASI M 4289 P.V.Saleem, CB, Malappuram
11. GASI G 1077 Babu, District Crime Branch, Kasaragod.
12. GSI G 1041 Manoj, Bakel PS, Kasaragod.
13. GASI G 1022 Firoz.O.T, CB, Kasaragod
14. GASI C 4650 Pradeepan, CB Kannur
15. GASI C 4388 Ramesan, CB Kannur
16. GASI G 1089 Narayanan, Control Room, Kasaragod
17. GASI G 1098 Balakrishnan, Control Room, Kasaragod
18. SCPO(G)1219 Lakshmi Narayanan, Control Room, Kasaragod
19. CPO G 2526 Hithesh, DHQ Kasaragod (Cyber Expert).
20. ASI C 4488 Manoj Kumar.K, Traffic Unit, Kannur - Attached to CB Eranakulam
21. CPO G 2409 Sreejith.K, Bakel PS, Kasaragod.
22. CPO C 5861 K.Vinod, CB, Malappuram
23. CPO M 4607 Shiju, Vengara PS, Malappuram
24. CPO G 2478 Sumesh Bakel PS, Kasaragod.
25. SCPO Dvr 6359 Vinodan.M.E, CB, Malappuram

26. Sri.Sabu Mathew.K.M, Supdt of Police, CB Kottayam.
27. Sri.Rajappan, CI CB Kottayam
28. Sri.P.Narayanan, CI Neeleswaram.
29. Sri.Jayachandran, SI IGP Range office.
30. Joshy C Abraham, GASI 8718, CB Eranakulam.
31. Saji John SCPO E 9618, CB Eranakulam.

ഈ കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ച് ഏറ്റെടുത്തതിനുശേഷം പെട്ടെന്ന് ഒരു ടീം ഉണ്ടാക്കുന്നതിന്റെ ഭാഗമായി ഉത്തരവ് നം.G1-1130/2019/CB-TR തീയതി 24.02.2019 പ്രകാരം ഈ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായി പി.എം.പ്രദീപ്, DySP യേയും, സൂപ്പർവൈസറി ഉദ്യോഗസ്ഥനായി ശ്രീ.വി.എം.മുഹമ്മദ് റഫീഖ് IPS നെയും കൂട്ടത്തിൽ മറ്റുള്ള അംഗങ്ങളെയും ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് ഈ കേസിന്റെ സൂപ്പർവൈസറി ഉദ്യോഗസ്ഥനായ ശ്രീ.വി.എം.മുഹമ്മദ് റഫീഖ് IPS, ക്രൈം ബ്രാഞ്ച് എറണാകുളം, അദ്ദേഹത്തിനുണ്ടായിരുന്ന ശാരീരിക പ്രയാസങ്ങൾ കാണിച്ച് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ മാറ്റിക്കൊണ്ട് സംസ്ഥാന പോലീസ് മേധാവിയുടെ പുതിയ ഉത്തരവ് നം. T5/24499/2019/PHQ തീയതി 28.02.2019 പ്രകാരം ഈ കേസിന്റെ അന്വേഷണത്തിനായി ശ്രീ.പി.എം.പ്രദീപ് DySP (I/O) ഉൾപ്പെടെ ഒരു പുതിയ 22 അംഗ സ്ക്വാഡിനെ നിയമിച്ചു. ഇതിൽ എ.ഡി.ജി.പി, ക്രൈം ബ്രാഞ്ചിന് കേസിന്റെ ഓവറോൾ ചാർജ്ജും, കേസിന്റെ നേരിട്ടുള്ള സൂപ്പർവിഷൻ നടത്തുന്നതിന്, പുതിയ പോലീസ് സൂപ്രണ്ടായി ശ്രീ.കെ.എം.സാബു മാത്യു (ക്രൈം ബ്രാഞ്ച് കോട്ടയം) വിനെയും ചുമതലപ്പെടുത്തിയിരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | |
|---|---|
| A1. | പീതാംബരൻ (വയസ്സ് 48/2019) S/o നാരായണൻ, ഏച്ചിലടുക്കംവീട്, വേങ്ങയ് ഒട്ടക്കം, പെരിയ വില്ലേജ്, കാസർഗോഡ് ജില്ല. |
| A2. | സജി സി.ജോർജ്ജ് @ സജി (വയസ്സ് 40/2019) S/o ജോർജ്ജ് സി.ജെ, ശൗര്യം തൊട്ടിയിൽ വീട്, ഏച്ചിലടുക്കം, പുല്ലൂർ, പെരിയ വില്ലേജ്, കാസർഗോഡ് ജില്ല. |
| A3. | സുരേഷ് (വയസ്സ് 27/2019) S/o രാജൻ, കാവുങ്ങൽ വീട്, കൊട്ടുവള്ളി, ക്രുവേരി വില്ലേജ്, കണ്ണൂർ ജില്ല. |
| A4. | അനിൽകുമാർ കെ. @ അബു, (വയസ്സ് 33/2019) S/o കരിയാപ്പു, ഏച്ചിലടുക്കംവീട്, പെരിയ വില്ലേജ്, കാസർഗോഡ് ജില്ല. |
| A5. | ഗിജിൻ (വയസ്സ് 26/2019) S/o ഗംഗാധരൻ നായർ @ ശാസ്താ ഗംഗാധരൻ, കലിയോട്ടു വീട്, കാഞ്ഞിരടുക്കം, പെരിയ വില്ലേജ്. |
| A6. | ശ്രീരാഗ് ആർ. @ കുട്ടു (വയസ്സ് 22/2019) S/o രവീന്ദ്രൻ, പ്ലാക്കത്തൊടിയിൽ വീട്, കല്ലിയോട്ട്, പെരിയ വില്ലേജ്. |
| A7. | അശ്വിൻ എ.@ അപ്പു (വയസ്സ് 19/2019) S/o കുഞ്ഞിക്കണ്ണൻ, മരങ്ങാട്ടു വീട്, മുണ്ടൻകുഴി, ബേഡകം വില്ലേജ്, കാസർഗോഡ് ജില്ല. |
| A8. | സുബീഷ് എ.(വയസ്സ് 28/2019) S/o ഗംഗാധരൻ പി, പുളിക്കാൻവീട്, വെളുത്തോളി, കാസർഗോഡ് ജില്ല. |
| A9. | മുരളി എ.(വയസ്സ് 36/2019) S/o കുഞ്ഞിരാമൻ നായർ, തണ്ണിത്തോട് വീട്, അയ്യപ്പ ഭജന മന്ദിരത്തിനു സമീപം, പെരിയ, കാസർഗോഡ് ജില്ല. |
| A10. | രഞ്ജിത്ത് ടി. @ അപ്പു (വയസ്സ് 24/2019) S/o കുഞ്ഞിക്കണ്ണൻ, കണ്ണോത്ത് താനത്തിങ്കൽ വീട്, പെരിയ, കാസർഗോഡ് ജില്ല. |
| A11. | പ്രദീപ് @ കുട്ടൻ (വയസ്സ് 32/2019) S/o മാധവൻ, തണ്ണിത്തോട് വീട്, പെരിയ വില്ലേജ്, കാസർഗോഡ് ജില്ല. |
| A12. | മണി @ ആലക്കോട് മണി എന്ന മണികണ്ഠൻ ബി. (വയസ്സ് 39/2019) S/o ചോയി, കാവേരി സദനം, കളിച്ചാൽമാറത്തിങ്കൽ, ആലക്കോട്, പണയാൽ വില്ലേജ്, കാസർഗോഡ്. |
| A13. | ബാലകൃഷ്ണൻ എൻ. (വയസ്സ് 65/2019) S/o കുഞ്ഞമ്പു കെ, മേഘമൽഹാർ, കനിയടുക്കം, ഹരിപുരം പി.ഒ, പുല്ലൂർ വില്ലേജ്, കാസർഗോഡ് ജില്ല. |
| A14. | മണികണ്ഠൻ (വയസ്സ് 39/2019) S/o നാരായണൻ നായർ, വെളുത്തോളി, പനയാൽ വില്ലേജ്, കാസർഗോഡ് ജില്ല. |

സെക്ഷൻ ഓഫീസർ.